ഭവനങ്ങളിൽ അമ്പ് വച്ചുകൊണ്ട് ചൊല്ലേണ്ട പ്രാർത്ഥന.

പിതാവും പുത്രനു പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു; സ്തുതിക്കുന്നു; മഹതപ്പെടുത്തുന്നു. വിശ്വാസത്തിന്റെ ഉദാത്ത മാതൃകയായ വി. സെബസ്ത്യാനോസിനെ ഞങ്ങൾക്കു നല്കിയ അവിടുത്തെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു.

വി. സെബസ്ത്യാനോസിന് അവിടുന്ന് കനിഞ്ഞു നൽകിയ എല്ലാ കൃപകളെയും, പ്രത്യേക മദ്ധ്യസ്ഥശക്തിയേയും ഓർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. വിശുദ്ധ സെബസ്ത്യാനോസിന്റെ ബഹുമാനത്തിനായി ഞങ്ങളുടെ ഭവനത്തിൽ അമ്പ് പ്രതിഷ്ഠിക്കുവാൻ അനുഗ്രഹം നൽകിയതിനെ ഓർത്തും അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. ഈ വിശുദ്ധന്റെ മദ്ധ്യസ്ഥയാൽ എല്ലാ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളും നല്കി ഞങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കണമേ.

കാറോസൂസ

വിശുദ്ധ സെബസ്ത്യാനോസിനെപോലെ വിശ്വാസത്തിന്റെ മാതൃകയായിത്തീരുവാൻ ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വിശുദ്ധ സെബസ്ത്യാനോസിനെപോലെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും ദൈവഹിതം അന്വേഷിക്കാനും ദൈവപരിപാലനയിൽ ഉറച്ച് വിശ്വസിക്കുവാനുംവേണ്ട കൃപ ഞങ്ങൾക്കു നല്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വേദനകളുടേയും കഷ്ടപ്പാടിന്റേയും മധ്യത്തിൽ വിശുദ്ധ സെബസ്ത്യാനോസിനെ അനുകരിച്ച് വിശ്വാസത്തിൽ ഉറച്ച് നിൽക്കുവാനുള്ള കൃപ ഞങ്ങൾക്കു നല്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ഓ! വിശുദ്ധ സെബസ്ത്യാനോസെ, ഈശോയ്ക്കുവേണ്ടി ജീവനർപ്പിക്കുവാൻ ധൈര്യം കാണിച്ചുകൊണ്ട് ഈശോയോടുള്ള സ്നേഹം അങ്ങ് പ്രകടിപ്പിച്ചതുപോലെ ജീവിതത്തിലെ എല്ലാ അനുഭങ്ങളിലും ഈശോയെ കൂടുതൽ സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. അങ്ങയുടെ ബഹുമാനത്തിനായി അമ്പ് സ്ഥാപിക്കപ്പെടുന്ന ഞങ്ങളുടെ കുടുംബത്തിലെ ഓരോ അംഗങ്ങൾക്കു വേണ്ടിയും അവിടുന്ന് പ്രാർത്ഥിക്കണമേ. എല്ലാവിധ ആപത്തുകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. അനുദിനം ഞങ്ങളെല്ലാവരും ഈശോയെ കൂടതൽ കൂടുതൽ സ്നേഹിക്കുവാൻ ഇടയാകട്ടെ.

ലുത്തീനിയ



വേദസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശ്വാസത്തിന്റെ മാതൃകയായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
രോഗികളുടെ ആലംബമായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പകർച്ചവ്യാധികളിൽ നിന്ന് ഞങ്ങളെ സംരക്ഷിക്കുന്ന
വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
മാറാരോഗങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കുന്ന
വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
നിരാശരുടെ ആലംബമായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
അദ്ധ്വാനിക്കുന്നവരുടെ സഹായിയായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ദൈവസ്നേഹത്തിന്റെ ജ്വാലയായ വിശുദ്ധ സെബസ്ത്യാനോസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ മിഷന്റെ മദ്ധ്യസ്ഥനായ വിശുദ്ധ ബെനഡിക്റ്റേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.